12 (*565) തൊഴിലാളികൾക്ക് ചെറുകിട വായ്പ ലഭ്യമാക്കാൻ നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി.കെ. കുമാരൻ :

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ചെറുകിട വായ്പ ലഭ്യമാക്കാനും കടക്കെണിയിൽനിന്നും തൊഴിലാളികളെ മോചിപ്പിക്കുന്നതിനും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) "ലേബർ അജൻഡ 2000"എന്ന പേരിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) തൊഴിലാളികളുടെ സുരക്ഷയ്ക്കും പാർപ്പിട പ്രശ്നത്തിനും പരിഹാരം കാണാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തൊഴിലാളികൾക്ക് ആവശ്യമായ ഘട്ടങ്ങളിൽ അനായാസമായി നുണുങ്ങു വായ്പ (മൈക്രോ ക്രെഡിറ്റ്) ലഭ്യമാക്കാനും അവരെ കടക്കെണിയിൽനിന്ന് മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ബാങ്കിന്റെ കൗണ്ടറുകൾ തൊഴിൽശാലകളുടെ പരിസരത്തുതന്നെയാവും പ്രവർത്തിക്കുന്നത്. തൊഴിലുടമകൾ തൊഴിലാളിയുടെ ശമ്പളത്തിൽനിന്നും വായ്പത്തുക സൗകര്യപ്രദമായ ഗഡുക്കളായി പിടിച്ചുനൽകുന്ന വ്യവസ്ഥയിലായിരിക്കും തൊഴിലാളികൾക്ക് ബാങ്കിൽനിന്ന് കടം നൽകുന്നത്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ലേബർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തികവർഷം തന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) അജൻഡയിലെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക, ബാങ്ക് വായ്പ, പ്രത്യേക പ്രോജക്ടുകൾ, വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന തുക, തൊഴിലാളികളും

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുടമകളും നൽകുന്ന വിഹിതം എന്നീ മാർഗ്ഗങ്ങളിലൂടെ ആവശ്യമുള്ള ഫണ്ട് സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഉണ്ട്. ഇതിനായി ലേബർ സെക്രട്ടറി കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

13 (*566) ജവഹർ തൊഴിൽദാന പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജവഹർ തൊഴിൽദാന പദ്ധതി നടപ്പാക്കിയതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിമൂലം എത്ര മനുഷ്യ പ്രയത്നദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു;

(സി) 1996-97, 1997-98, 1998-99 വർഷങ്ങളിൽ പ്രസ്തുത പദ്ധതിപ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജവഹർ തൊഴിൽദാന പദ്ധതി പ്രകാരം 39603 വീടുകളും 2197.57 കിലോമീറ്റർ റോഡും 2460 ജലസേചന കിണറുകളും 32195 കക്കൂസുകളും 1580 കുടിവെള്ളകിണറുകളും 39 സ്കൂൾ കെട്ടിടങ്ങളും 21.10 ഹെക്ടർ സ്ഥലത്ത് സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിമൂലം 187.08 ലക്ഷം മനുഷ്യാധ്വാന തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനു സാധിച്ചു.

(സി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചുനൽകൽ, കക്കൂസുകൾ നിർമ്മിക്കുക, ജലസേചന കിണറുകളും കുടിവെള്ളക്കിണറുകളും നിർമ്മിക്കുക, സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുക, സാമൂഹ്യവനവൽക്കരണ പരിപാടിയിൻകീഴിൽ വൃക്ഷത്തൈകൾ നടുക മുതലായവയാണ് ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

(ഡി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.3.1999 വരെ 15362.99 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(11) കോഴിക്കോട് : ഈ ജില്ലയിൽ മാലാപറമ്പ് എന്ന സ്ഥലത്ത് ജല അതോറിറ്റി ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(12) വയനാട് : ഈ ജില്ലയിൽ കല്പറ്റ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് പരിസരത്ത് ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

(13) കണ്ണൂർ : ഈ ജില്ലയിൽ കണ്ണൂർ (താണ) ഒ.എച്ച്. ടാങ്ക് ഓഫീസ് കെട്ടിടത്തിൽ ഒരു ജില്ലാതല ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു. ഇവിടെ വെള്ളത്തിനു പുറമേ ആലം, ലൈം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഗുണമേന്മയും പരിശോധിക്കുന്നുണ്ട്.

(14) കാസർഗോഡ് : ഈ ജില്ലയിൽ വിദ്യാനഗർ എന്ന സ്ഥലത്ത് ജല അതോറിറ്റി ഓഫീസ് പരിസരത്ത് ഒരു ഗുണമേന്മ പരിശോധനാ ലബോറട്ടറി പ്രവർത്തിക്കുന്നു.

അനുബന്ധം 2

*(22.7.1999 ലെ ചോദ്യം നമ്പർ 12 (*565) ന്റെ ഉത്തരം കാണുക)*

കേരള സർക്കാർ - തൊഴിൽ വകുപ്പ്

ലേബർ അജണ്ട - 2000

അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പുവരുത്താൻ ഗവണ്മെന്റ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പത്തിന കർമ്മ പദ്ധതിയാണ് ലേബർ അജണ്ട - 2000. പുതിയ തൊഴിൽനയത്തിന്റെ അവിഭാജ്യ ഘടകമായിരിക്കും ഇവ.

ലേബർ അജണ്ട - 2000 ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽനിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കുക.

2. ആഗോളവത്കൃത സമൂഹത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതികവിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽരംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുക. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എംപ്ലോയ്മെന്റ് (KILE) പുനഃസംഘടിപ്പിച്ചായിരിക്കും ഇത്.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുക.

4. തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

5. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കുക.

6. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ.എസ്.ഐ. - കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കുക. ഇത് കേന്ദ്ര കോർപ്പറേഷന്റെ സബ്സിഡിയറിയായി പ്രവർത്തിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

7. ആഗോള ഗ്രാമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കാനും വിദേശ രാജ്യങ്ങളിൽ സംയുക്തമേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും എംബസികളുമായി സഹകരിച്ച് ഒഡേപെക് കർമ്മപദ്ധതി നടപ്പാക്കുക.

8. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുക.

9. വിവിധ വകുപ്പുകളേയും തൊഴിലാളി യൂണിയനുകളേയും സന്നദ്ധസംഘടനകളേയും സഹകരിപ്പിച്ച് തൊഴിലാളികൾക്കിടയിൽ വിശപ്പിൽ നിന്ന് വിമോചനം (Freedom from Hunger) പദ്ധതി നടപ്പിലാക്കുക.

10. പൂട്ടിയിട്ട തൊഴിൽശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

അനുബന്ധം 3
താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ

(3444) മത്സ്യബന്ധന മേഖലയിൽ വയർലെസ് സൗകര്യം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയിൽ വയർലെസ് വാർത്താവിനിമയ സൗകര്യം ഏർപ്പെടുത്തുവാൻവേണ്ടി ഫിഷറീസ് വകുപ്പു നയപരമായി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ എറണാകുളം-വൈപ്പിനിൽ നടത്തിയ പരീക്ഷണം തീർത്തും വിജയകരമായിരുന്നു എന്ന വാർത്തയുടെ നിജസ്ഥിതി എന്താണ്;

(സി) മത്സ്യബന്ധനബോട്ടുകളിലും വള്ളങ്ങളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തിയാൽ ആ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രത്യക്ഷമായി എന്തെല്ലാം ഗുണങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവിന് ഏതെങ്കിലും രീതിയിൽ സബ്സിഡി കൊടുക്കുവാൻ ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിനെപ്പറ്റി കൂടുതലായി വിശദീകരിക്കുമോ;

(എഫ്) വയർലസ് സെറ്റ് ഘടിപ്പിച്ച ബോട്ടിലോ വള്ളത്തിലോ ഉൾക്കടലിൽപ്പോയി മത്സ്യബന്ധനം നടത്തുന്നവർക്ക് കരയിലുള്ള വള്ളമുടമയുമായി ബന്ധപ്പെടുവാനുള്ള സൗകര്യം ഉണ്ടാകുമോ;

(ജി) എങ്കിൽ ഏതുവിധത്തിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(എച്ച്) ഘട്ടംഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ ആദ്യ ഘട്ടം എവിടെയാണ് ആരംഭിക്കുന്നത്; എന്നുമുതൽ ആരംഭിക്കും;

(ഐ) മത്സ്യബന്ധനജീവനക്കാർക്ക് വയർലസ് സെറ്റുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പരിശീലനം നൽകുവാൻ ഫിഷറീസ് വകുപ്പിൽ എന്തെങ്കിലും പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly